150 YEARS OF CELEBRATING THE MAHATMA

## നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട

## നഗരാസൂത്രകന്റെ നടപടിക്രമം

നഗരാസൂത്രകന്റെകാര്യാലയം,പത്തനംതിട്ട; ആരാധനാലയം നിർമ്മാണം- വികാർ& ട്രസ്റ്റി, സെന്റ് മേരീസ് മലങ്കര കത്തോലിക്ക ചർച്, മേക്കൊഴൂർ, മൈലപ്ര പി.ഓ, പത്തനംതിട്ട സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :- വികാർ& ട്രസ്റ്റി, സെന്റ് മേരീസ് മലങ്കര കത്തോലിക്ക ചർച്, മേക്കൊഴൂർ, മൈലപ്ര പി.ഓ, പത്തനംതിട്ട യുടെ 11.2.19, 2.5.19, 17.5.19, 17.06.2019 എന്നീ തീയതികളിലെ അപേക്ഷകൾ

*****************************************************************************************

**ഉത്തരവ് നമ്പർ:-TCPPTA/398/2019-C** 06/07/2019

*****************************************************************************************

മൈലപ്രാ ഗ്രാമ പഞ്ചായത്തിൽ മൈലപ്രാ വില്ലേജിൽ സർവ്വേ നമ്പർ 76/5, 76/12, 73/13, 76/3-1, 76/4-1 എന്നിവയിൽ ഉൾപ്പെട്ട 3678 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും, നിലവിൽ പള്ളി, അനുബന്ധ സെമിത്തേരി, പാഴ്സനേജ്, എന്നിവ സ്ഥിതി ചെയ്യുന്നതുമായ പ്ലോട്ടിൽ, നിലവിലുള്ള പള്ളി പൊളിച്ചുമാറ്റി ആകെ 795.77 ചതുരശ്ര മീറ്റർ വിസ്തീർണമുള്ളതും ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ എന്നീ നിലകളോട് കൂടിയ പള്ളി (Group – D Assembly Occupancy) നിർമ്മിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011), ചട്ടം 57 (1), ചീഫ് ടൗൺ പ്ലാനറുടെ 5.12.2017 ലെ C.3/12311/17 നമ്പർ കത്ത് എന്നിവ പ്രകാരം സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

**നിബന്ധനകൾ**

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഓ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.

2. കെ.പി. ബി. ആർ 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR -2011) ചട്ടം 7(11)(a)(i) പ്രകാരം നിർദിഷ്ട നിർമാണം നടത്തുന്ന പ്ലോട്ടിനോട് തുടർച്ചയായി വരുന്ന അപേക്ഷകന്റെ വക മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. അപേക്ഷകന്റെ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടങ്ങളെല്ലാം അധികൃതമാണെന്ന് ഉറപ്പ് വരുത്തണം.

4. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

5. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC വാങ്ങിയിരിക്കണം. നിർദിഷ്ട നിർമാണത്തിനായി നിർദിഷ്ട നിർമാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതുമൂലം സമീപ പ്ലോട്ടുകളുടെ സുരക്ഷയെ ബാധിക്കരുത്

6. കെട്ടിടത്തിന്റെ വടക്ക ഭാഗത്തു KPBR- -2011, ചട്ടം 57(2) പ്രകാരം കുറഞ്ഞത് 5.00 മീറ്റർ ശരാശരി സെറ്റ് ബാക് ലഭ്യമായിരിക്കണം. ഇത് മൂലം മറ്റ ചട്ട ലംഘനങ്ങൾ ഉണ്ടാകുവാൻ പാടില്ല. (ഇത് കെട്ടിട നിർമാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ നൽകുന്ന പ്ലാനിൽ ഉൾക്കൊള്ളിക്കേണ്ടതാണ് )

7. നിർദിഷ്ട കെട്ടിടത്തിന്റെ ഉയരം 16.00 മീറ്ററിൽ താഴയായിരിക്കണം (ചട്ടം 2(1)(ba) കാണുക).

8. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പരിസര വാസികൾക്ക് ദോഷകരമല്ലാത്ത രീതിയിൽ മാലിന്യ നിർമ്മാർജനം നടത്തുകയും വേണം. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണചട്ടം 2011 (KPBR -2011) ചട്ടം 57(12A) പ്രകാരമുള്ള in-situ liquid waste management treatment plant, ചട്ടം 57(12B) പ്രകാരമുള്ള Special provision for recycling and reusing of waste water, ചട്ടം103 പ്രകാരമുള്ള solar assisted water heating and lighting system എന്നിവ ഏർപ്പെടുത്തുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. (ഇത് കെട്ടിട നിർമാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ നൽകുന്ന പ്ലാനിൽ ഉൾക്കൊള്ളിക്കേണ്ടതാണ് )

9. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR -2011) ചട്ടം 57(10) പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

10. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം parking area, drive way എന്നിവ സജ്ജമാക്കിയിരിക്കണം. ബേസ്മെന്റ് ഫ്ലോറിലെ പാർക്കിംഗ് ഏരിയ മറ്റ ഉപയോഗങ്ങൾക്കായി മാറ്റരുത്

11. നിലവിൽ വിവിധ ഉപയോഗത്തിൽ ഇരിക്കുന്ന കെട്ടിടങ്ങളുള്ള പ്ലോട്ടിലെ നിർമ്മാണമെന്ന നിലയിൽ നിർമ്മാണ സമയത്തു ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

12. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി നിർമ്മാണ/വികസന അനുമതി മൈലപ്ര ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ

ഉള്ളടക്കം :-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ(1 സെറ്റ്)

സെക്രട്ടറി, ,മൈലപ്ര ഗ്രാമ പഞ്ചായത്ത്

**ANILKUMAR P, TP TPPTA, O/O TP TPPTA**

പകർപ്പ്:- 1 വികാർ & ട്രസ്റ്റി,
സെന്റ് മേരീസ് മലങ്കര കത്തോലിക്ക ചർച്ച്,
മേക്കൊഴൂർ, മൈലപ്ര പി.ഓ, പത്തനംതിട്ട
2 ഓഫീസ് കോപ്പി
3. വെബ് സൈറ്റ്
4 അധികം